കോ–ഓർഡിനേഷൻ കമ്മിറ്റി

# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com, visit:www.kgbeuou.com


സർക്കുലർ 20/2022

04.12.2022

## NPS ഒഴിവാക്കുക...
## സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുന:സ്ഥാപിക്കുക..!

ബാങ്കിംഗ് രംഗത്തെ ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ പന്ത്രണ്ടാം ഉഭയകക്ഷി കരാർ സംബന്ധിച്ച ചാർട്ടർ ഓഫ് ഡിമാന്റുകൾ സമർപ്പിച്ചു കഴിഞ്ഞു. 2010 ന് ശേഷം ബാങ്കിംഗ് ജോലിയിലേക്ക് പ്രവേശിച്ച ജീവനക്കാരെ സംബന്ധിച്ച് ഏറെ പ്രാധാന്യത്തോടെ അവർ കാണുന്ന ഒരു ഡിമാൻഡാണ് 'Scrap NPS, reinstate old pension scheme 'എന്നത്.

ഇതിനു മുൻപുള്ള ഉഭയകക്ഷി ചർച്ചകളിൽ UFBU ആഭിമുഖ്യത്തിൽ ഈ ആവശ്യം ഉന്നയിച്ചിരുന്നു. പക്ഷെ ഗൗരവമായ ഒരു ചർച്ച ഇക്കാര്യത്തിൽ ഉണ്ടാകാത്ത മുൻകാല അനുഭവമാണ് നമുക്ക് മുൻപിലുള്ളത്. അതു കൊണ്ടു തന്നെയാണ് പതിനൊന്നാം ഉഭയകക്ഷി കരാറിൽ ഒപ്പുവെക്കാതെ BEFI മാറി നിന്നപ്പോൾ, അതിൽ മുഖ്യമായും NPS വിഷയത്തിൽ വിയോജിപ്പിന്റേതായ നിലപാട് സ്വീകരിച്ചത്. ഒരു തലമുറയുടെ താല്പര്യങ്ങളെ അഭിസംബോധന ചെയ്യാതെ ഉഭയകക്ഷി ചർച്ചകൾ മുന്നോട്ടു പോകുന്നത് ശരിയല്ല, ബാങ്കിംഗ് മേഖലയിൽ പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കാൻ ആവശ്യമായ ചർച്ചകൾ ആരംഭിക്കണം എന്നതായിരുന്നു BEFI സ്വീകരിച്ച നിലപാട്.

ഈ സാഹചര്യത്തിൽ, നാഷണൽ പെൻഷൻ സിസ്റ്റം സംബന്ധിച്ച് പൊതുവിൽ സമൂഹത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ കണക്കിലെടുത്തു കൊണ്ട് 'Scrap NPS, reinstate old pension scheme' എന്ന ഡിമാൻഡ് ശക്തമായി ഉന്നയിക്കാൻ ബാങ്കിംഗ് മേഖലയിലെ ട്രേഡ് യൂണിയനുകളും, UFBU യും തയ്യാറാകേണ്ടതായിരുന്നു. സ്വാഭാവികമായും അത്തരമൊരു പ്രതീക്ഷ ബാങ്കിംഗ് മേഖലയിലെ ജീവനക്കാർ ഒന്നടങ്കം വച്ചുപുലർത്തിയിരുന്നു. എന്നാൽ BEFI യെ ഉൾപ്പെടുത്താതെ UFBU ഘടകങ്ങൾ സമർപ്പിച്ചതായി കാണുന്ന പുതിയ ചാർട്ടർ ഓഫ് ഡിമാൻഡിൽ ഇങ്ങനൊരു ആവശ്യം രേഖപ്പെടുത്തിയതായി തന്നെ കാണുന്നില്ല. ഇത് മൊത്തം ബാങ്ക് ജീവനക്കാർക്കിടയിൽ വലിയ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. പഴയ പെൻഷൻ പദ്ധതി തിരികെ കൊണ്ടുവരണമെന്ന ആവശ്യം ഡിമാൻഡിൽ പോലും ഉൾപെടുത്താൻ കഴിയാത്തവണ്ണം ബാങ്കിംഗ് മേഖലയിലെ BEFI ഒഴിച്ചുള്ള സംഘടനകൾ മാറിയെന്നത് നാം ഗൗരവമായി വീക്ഷിക്കേണ്ട കാര്യമാണ്. അത്തരം നിലപാടുകളിൽ നിന്ന് ആ സംഘടനകളെ തിരികെ കൊണ്ടുവരാനുള്ള ഉത്തരവാദിത്തവും നാം ഏറ്റെടുക്കേണ്ടതുണ്ട്.

BEFI യെ ഉൾപ്പെടുത്താതെ UFBU ചാർട്ടർ ഓഫ് ഡിമാൻഡ് സമർപ്പിച്ച സാഹചര്യത്തിൽ BEFI സ്വാതന്ത്രമായി പന്ത്രണ്ടാം ഉഭയകക്ഷി കരാറുമായി ബന്ധപ്പെട്ടുള്ള ചാർട്ടർ ഓഫ് ഡിമാൻഡ് സമർപ്പിച്ചു. BEFI യുടെ ജനറൽ കൗൺസിൽ യോഗം അംഗീകരിച്ച ഈ ചാർട്ടർ ഓഫ് ഡിമാൻഡിൽ Scrap NPS എന്ന ആവശ്യം വളരെ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത്, ഒരു പക്ഷെ BEFI കൂടെ ഉൾപ്പെട്ടുകൊണ്ടായിരുന്നു UFBU വിന്റെ ചാർട്ടർ ഓഫ് ഡിമാൻഡ്സ് പുറത്തുവന്നത് എങ്കിൽ, ഈ ഡിമാൻഡ് കൂടി അതിൽ ഉൾപ്പെടുമായിരുന്നു എന്നതാണ്. അതിനർത്ഥം, BEFI യുടെ നിലപാടുകളാണ് യഥാർത്ഥത്തിൽ ജീവനക്കാരുടെ താല്പര്യങ്ങളെ അഭിസംബോധന ചെയ്യാൻ പര്യാപ്തമായത് എന്നാണ്.

പതിനൊന്നാം കരാറിന്റെ സമയത്ത് സംഘടനകൾ സംയുക്തമായി ഈ ആവശ്യം ഉന്നയിച്ചപ്പോൾ എംപ്ലോയർ കോൺട്രിബ്യൂഷൻ വർദ്ധിപ്പിച്ചു കൊണ്ട് NPS നെ പ്രോത്സാഹിപ്പിച്ച IBA നിലപാട് നമുക്ക് മുൻപിലുണ്ട്. പതിനൊന്നാം ഉഭയകക്ഷി കരാറിൽ, മാനേജ്മെന്റ് വഹിക്കേണ്ട തുക, മേല്പറഞ്ഞ 10% എന്നത് 14% ആക്കി ഉയർത്തുകയാണുണ്ടായത്. ഇത്തരത്തിൽ മാനേജ്മെന്റ് വിഹിതം ഉയർത്താനുള്ള ഡിമാന്റ് ട്രേഡ്‌യൂണിയനുകളോ, യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയനോ ആവശ്യപ്പെട്ടിട്ടില്ല. അതിനർത്ഥം, ജീവനക്കാരുടെ ചിലവിൽ, കോർപറേറ്റുകൾക്ക് അനുകൂലമായി, സ്റ്റേറ്റിന്റെ സഹായത്തോടെ മൂലധന സമാഹരണം നടത്തി നൽകുക എന്ന അജണ്ട നടപ്പിലാക്കുന്നു എന്നതാണ്. അത് കൊണ്ടു തന്നെ എൻ പി എസ് ഒഴിവാക്കി എല്ലാവർക്കും സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്ന മുദ്രാവാക്യം എല്ലാ വിഭാഗം തൊഴിലാളികളും ഒന്നിച്ചുന്നയിക്കേണ്ട രാഷ്ട്രീയ മുദ്രാവാക്യമായി മാറിയിരിക്കുന്നു.

നിയോ ലിബറൽ സാമ്പത്തിക നയങ്ങളെ താലോലിച്ചു കൊണ്ട് രാജ്യത്ത് NPS നടപ്പിലാക്കിയ രാഷ്ട്രീയ നേതൃത്വങ്ങളിൽ പലരും ഇന്ന് പുനർചിന്തനത്തിന്റെ പാതയിലാണ്. രാജസ്ഥാൻ, ഛത്തീസ്ഗഢ് പോലുള്ള സംസ്ഥാനങ്ങൾ NPS ന് പകരം പഴയ പെൻഷൻ പദ്ധതി കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചത് ഈ നയം മാറ്റത്തിന്റെ ഭാഗമാണ്. കേരളത്തിൽ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കാൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ കരാറിന്റെ ബാധ്യതകൾ, കേന്ദ്രധന കമ്മീഷൻ നിബന്ധനകൾ, സാമ്പത്തിക പ്രത്യാഘാതങ്ങൾ, ഇതുവരെ അടച്ച പണത്തിന്റെ വിനിയോഗം, മറ്റു സംസ്ഥാനങ്ങളിലെ അനുഭവം തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും സമിതി പരിശോധിക്കുന്നത്.

karline29.deviantart

NPS ഫണ്ടിലേക്ക് നാളിതുവരെ സമാഹരിച്ച തുക ജനറൽ പ്രൊവിഡന്റ് ഫണ്ടിലേക്ക് (ജിപിഎഫ്) മാറ്റണമെന്ന നിർദേശമാണ് സംസ്ഥാനങ്ങൾ പൊതുവെ മുന്നോട്ടു വെച്ചത്. എന്നാൽ, 2013 ലെ പിഎഫ്ആർ ഡി എ ആക്റ്റ്, 2015 ലെ പിഎഫ്ആർഡി എ റെഗുലേഷൻസ് പ്രകാരം നിക്ഷേപം തിരിച്ചുനൽകാൻ വ്യവസ്ഥയില്ലെന്ന നിലപാടിലാണ് പിഎഫ്ആർഡിഎ. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ NPS ന് അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നത്.

NPS ന്റെ ഗുണഭോക്താക്കളായവർ സർവീസിൽ നിന്നും റിട്ടയർ ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. അവർക്ക് ലഭ്യമാവുന്ന NPS അടിസ്ഥാനമായിട്ടുള്ള പെൻഷനും സ്റ്റാറ്റ്യൂട്ടറി പെൻഷനായിരുന്നു ലഭിക്കേണ്ടിയിരുന്നതെങ്കിൽ അതിന്റെ ഭാഗമായി കിട്ടുമായിരുന്ന പെൻഷനും താരതമ്യം ചെയ്തു നോക്കിയപ്പോൾ ഭീകരമായ വ്യത്യാസമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. താഴെ പട്ടികയിൽ കേന്ദ്രസർക്കാർ സർവ്വീസിൽനിന്നും വിരമിച്ച NPS ഗുണഭോക്താക്കളായ തൊഴിലാളികളുടെ പെൻഷൻ താരതമ്യം കൊടുക്കുന്നു.

| Name | Basic Pay | Total Service | NPS Pension | Pension if under Old pension Scheme |
|---|---|---|---|---|
| XXXXXXXXXXX | 30500 | 13y/05m/01d | 2417/- | 15250/- |
| XXXXXXXXXXX | 34300 | 15y/06m/16d | 2506/- | 17150/- |
| XXXXXXXXXXX | 56900 | 17y/06m/11d | 4900/- | 28450/- |

വളരെ പരിതാപകരമായ അവസ്ഥയിലേക്ക് ഇന്ത്യൻ തൊഴിലാളികളുടെ ഭാവി എടുത്തെറിയപ്പെടുന്നു എന്നും ക്ഷേമരാഷ്ട്ര സങ്കല്പം തന്നെ ഇല്ലാതാവാൻ പോകുന്നു എന്നുമുള്ള സൂചനയാണ് ഇവിടെ നമുക്ക് കാണാനാവുക.

പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ തന്നെ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ, ബാങ്ക് ജീവനക്കാർക്ക് പെൻഷൻ നടപ്പിലാക്കുന്നതിൽ കേന്ദ്ര സർക്കാരിന് ഒരുതരത്തിലുള്ള സാമ്പത്തിക ബാധ്യതയും വരുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനർത്ഥം, സാമ്പത്തിക ബാധ്യതകളുടെ പേരിൽ ആരംഭിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്ക് ബാങ്ക് ജീവനക്കാരെ ഉൾപ്പെടുത്തേണ്ട ആവശ്യം തന്നെ ഉണ്ടായിരുന്നില്ല എന്നതാണ്. IBA തന്നെ ഇക്കാര്യം വെളിപ്പെടുത്തിയ സാഹചര്യത്തിൽ നാഷണൽ പെൻഷൻ പദ്ധതി ഒഴിവാക്കി ബാങ്കിംഗ് മേഖലയിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുന:സ്ഥാപിക്കണം എന്ന ഡിമാൻഡിന് പ്രസക്തി ഏറെയാണ്.

അതോടൊപ്പം ഗ്രാമീണ ബാങ്കുകളിൽ നടപ്പിലാക്കിയ പെൻഷൻ പദ്ധതിയുടെ അപാകത എന്ന നിലയിൽ തന്നെ, നമ്മുടെ അഖിലേന്ത്യാ സംഘടനയായ AIRRBEA യുടെ നേതൃത്വത്തിൽ ജീവനക്കാരിൽ NPS അടിച്ചേൽപ്പിച്ചതിനെതിരെ നിയമ യുദ്ധങ്ങൾ നടന്നുവരികയാണ്. AIRRBEA തീരുമാനം അനുസരിച്ച് നമ്മുടെ യൂണിറ്റാണ് കേരള ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ടു കൊണ്ട് കേസ് ഫയൽ ചെയ്തിട്ടുള്ളത് (WPC 11156/19). 2018 ഏപ്രിൽ 25 ന് നാം സുപ്രീം കോടതിയിൽ നിന്നും നേടിയെടുത്ത വിധിയെത്തുടർന്ന് ആദ്യമായി പെൻഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ 01.04.2010 ന് ശേഷം ബാങ്കിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് NPS ബാധകമാക്കുക എന്നത് നിയമവിരുദ്ധവും, ഭരണഘടന വിഭാവനം ചെയ്യുന്ന ആർട്ടിക്കിൾ 14 ന്റെ ലംഘനവുമാണ് എന്നതാണ് നമ്മുടെ കേസിന്റെ അടിസ്ഥാനം. പഴയ ഡേറ്റ് മുതൽ തൊഴിലാളി വിരുദ്ധമായ പുതിയ സ്കീം നടപ്പിലാക്കുക എന്നത് നീതിക്കും ന്യായത്തിനും നിരക്കുന്നതുമല്ല. ജീവനക്കാർ പെൻഷൻ ഫണ്ടിലേക്ക് വകവെക്കുന്ന ഫണ്ട് സംബന്ധിച്ച് യാതൊരു ബാധ്യതയും കേസിന്റെ അന്തിമ വിധി വരുമ്പോൾ അവർക്ക് ഭാവിയിൽ വഹിക്കേണ്ടി വരില്ലെന്നും, അത് മാനേജ്മെന്റിന്റെ ബാധ്യതയാണെന്നുമുള്ള ഇടക്കാല ഉത്തരവാണ് നമുക്ക് ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ളത്. ബാങ്കിന്റെ ഭാഗത്തു നിന്നുമുള്ള മറുപടി കൊടുക്കാത്തതിനാലും കോവിഡ് സാഹചര്യത്താലും കേസ് വിളിക്കുന്നത് അല്പം നീണ്ടു പോയിട്ടുണ്ട്. കേസിന്റെ follow up നാം നടത്തി വരികയാണ്.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184

karline29.deviantart